ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന ബാങ്കിന്റെ അറ്റനഷ്ടം 2013-14 ആഡിറ്റ് പ്രകാരം 40466.37 ലക്ഷവും NPA 24.74 ശതമാനവുമാണ്. കൂടാതെ സംസ്ഥാന സഹകരണ ബാങ്ക്, അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയ വായ്പകൾ കുടിശ്ശികയായത്, ബാങ്കിന്റെ NPA വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. ബാങ്കിന് C.D. Ratio (വായ്പാ നിക്ഷേപ അനുപാതം) കുറവായതിനാലും സിൽബന്ധി ചെലവും തൻ ചെലവും വർദ്ധിച്ചതും ബാങ്കിന്റെ സഞ്ചിത നഷ്ടം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെ NPA വർദ്ധിച്ചതിനാലും റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള മൂലധന പര്യാപ്തത കൈവരിക്കാത്തതിനാലും 2013-14-ൽ സംസ്ഥാന സഹകരണ ബാങ്കിന്റെ പുനർവായ്പയ്ക്കുള്ള അപേക്ഷ നബാർഡ് അനുവദിക്കുകയുണ്ടായില്ല.

(ഡി) നബാർഡിന്റെ പുനർവായ്പ ലഭിക്കാത്തത് കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടില്ല. സംസ്ഥാന സഹകരണ ബാങ്ക് സ്വന്തം ഫണ്ടിൽ നിന്നും 2013-14 വർഷം 700 കോടി രൂപ കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി

90 (430) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഈ സർക്കാരിന്റെ ഭരണ കാലയളവിൽ കോഴിക്കോട് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കി ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര രൂപയുടെ ആനുകൂല്യം ഇതുവഴി ലഭ്യമാക്കിയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിൽ 525 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകളിൽ 425 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതും 100 അപേക്ഷകൾ പരിശോധിച്ചുവരികയുമാണ്. കോഴിക്കോട് ജില്ലയിൽ റിസ്ക് ഫണ്ട് ആനുകൂല്യമായി 3,51,65,383-രൂപ (മൂന്ന് കോടി അൻപത്തി ഒന്ന് ലക്ഷത്തി അറുപത്തിയ്യായിരത്തി മുന്നൂറ്റി എൺപത്തി മൂന്ന് രൂപ) നൽകിയിട്ടുണ്ട്.

നന്മ സ്റ്റോറുകൾ

91 (431) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിൽ കണ്ടയംകൊവ്വലിൽ അനുവദിച്ച നന്മ സ്റ്റോർ എല്ലാവിധ ഭൗതീക സാഹചര്യങ്ങളും ഒരുക്കിയിട്ടും പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) ഭൗതീക സാഹചര്യങ്ങൾ ഒരുക്കിയിട്ടും അനുവദിക്കപ്പെട്ട നന്മ സ്റ്റോറുകൾ എവിടെയൊക്കെയാണ് പ്രർത്തനം ആരംഭിക്കാത്തതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ നന്മ സ്റ്റോർ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) നിലവിലുള്ള നന്മ സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയതിനുശേഷം മാത്രം പുതുതായി അനുവദിച്ച് നന്മ സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിച്ചാൽ മതിയെന്ന ഫെഡറേഷന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നന്മ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കാത്തത്. അപ്രകാരമുള്ള സ്റ്റോറുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly